## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 516 | 29.11.2018 - ൽ മറുപടിക്ക് |

### പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവിലൂടെയുള്ള അധികവരുമാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | പെട്രോളിന്റെയും ഡീസലിന്റെയും നിരന്തര വില വർദ്ധനവ് മൂലം സംസ്ഥാന സർക്കാരിന് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; | (എ) | പെട്രോളിന്റെയും ഡീസലിന്റെയും നിരന്തര വില വർദ്ധനവ് മൂലം സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകും. |
| (ബി) | ഒരു ലിറ്റർ ഡീസലും പെട്രോളും വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിലും മറ്റും എത്ര രൂപ വീതം ലഭിക്കുമെന്ന് വ്യക്തമാക്കുമോ; ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷവും 2018-19 ൽ നാളിതുവരെയും സർക്കാരിന് ലഭിച്ച വരുമാനം എത്രയാണെന്ന് അറിയിക്കുമോ; | (ബി) | ഒരു ലിറ്റർ പെട്രോൾ വിൽക്കുമ്പോൾ 17.97 രൂപയും ഒരു ലിറ്റർ ഡീസൽ വിൽക്കുമ്പോൾ 14.22 രൂപയും നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കും. ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷം പെട്രോളിൽ നിന്ന് 3226.99 കോടി രൂപയും ഡീസലിൽ നിന്ന് 3823.30 കോടി രൂപയും ലഭിച്ചു. 2018-19 സാമ്പത്തിക വർഷം (31.10.2018 വരെ) പെട്രോളിൽ നിന്ന് 1843.89 കോടി രൂപയും ഡീസലിൽ നിന്ന് 2015.91 കോടി രൂപയും ലഭിച്ചു. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന അധിക നികുതി | (സി) | മുൻ സർക്കാരിന്റെ കാലത്ത് പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന അധിക നികുതി വരുമാനം ഉപേക്ഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വരുമാനം ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ ഇപ്രകാരം അധികവരുമാനം ഉപേക്ഷിച്ചുവെന്നും അതിലൂടെ എത്ര കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടായെന്നും വ്യക്തമാക്കുമോ; ഈ നടപടി നിത്യോപയോഗസാധനങ്ങൾ ഉൾപ്പെടെയുള്ളവയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ; | | പെട്രോളിന് നാല് തവണയും ഡീസലിന് രണ്ട് തവണയും അധിക നികുതി വരുമാനം ഉപേക്ഷിച്ചു. ഇതിലൂടെ പെട്രോളിൽ നിന്ന് 375.75 കോടി രൂപയുടെയും ഡീസലിൽ നിന്ന് 243.42 കോടി രൂപയുടെയും വരുമാന നഷ്ടം ഉണ്ടായി. ഇത്തരം നടപടി വിലക്കയറ്റത്തെ എപ്രകാരം ബാധിച്ചു എന്നു അനുമാനിക്കാവുന്ന രേഖകളോ, പഠനങ്ങളോ ലഭ്യമല്ല. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ അധിക നികുതി വേണ്ടെന്ന് വച്ചിട്ടുണ്ട്; ഇതിലൂടെ സംസ്ഥാന സർക്കാരിന് എത്ര കോടി രൂപയുടെ നികുതി നഷ്ടം ഉണ്ടായെന്ന് അറിയിക്കുമോ | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു തവണ അധിക നികുതി വേണ്ടെന്ന് വച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാന സർക്കാരിന് പെട്രോളിൽ നിന്ന് 80 കോടി രൂപയുടെയും ഡീസലിൽ നിന്ന് 116 കോടി രൂപയുടെയും നികുതി നഷ്ടം ഉണ്ടായി. |

**സെക്ഷൻ ഓഫീസർ**